LIBRARY ARCHIVES Kerala Legislative Assembly

(സി) വിള ഇൻഷ്വറൻസ് പദ്ധതിയിൽ മാറ്റങ്ങൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

&

(ഡി) പുതിയ കൃഷിയിനങ്ങൾ വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. വാണിജ്യ പുഷ്പ കൃഷി, പപ്പായ, റംബൂട്ടാൻ, പേര, സപ്പോട്ട, പാഷൻ ഫ്രൂട്ട് മുതലായ ചെറു ഫലവിളകൾ, ചേമ്പ്, കാച്ചിൽ, കൂർക്ക തുടങ്ങിയ കിഴങ്ങ് വർഗ്ഗങ്ങൾ, തേനീച്ച കൃഷി, കോലിഞ്ചി എന്നിവകൂടി വിള ഇൻഷുറൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നതിനുള്ള വിഷയം പരിഗണനയിലാണ്.

(ഇ) നെൽകൃഷിയുടെ വിള ഇൻഷ്വറൻസ് പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ?

സ.ഉ.(എം.എസ്) നമ്പർ 37/2017/കൃഷി, 22-3-2017-ലെ ഉത്തരവ് പ്രകാരമാണ് നെൽകൃഷിക്ക് സംസ്ഥാന വിള ഇൻഷ്വറൻസ് പ്രകാരം ആനുകൂല്യം നൽകിവരുന്നത്. സ.ഉ.(സാധാ) നമ്പർ 1066/2017/കൃഷി, 27-10-2017-ലെ ഉത്തരവ് പ്രകാരം കോൾ നിലങ്ങൾ, കുട്ടനാട്, പാലക്കാട് എന്നീ പ്രദേശങ്ങൾ കൂടാതെ നെൽകൃഷിക്ക് സംസ്ഥാനത്തെവിടെയും കീടരോഗബാധമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. നെൽകൃഷിക്ക് ഗ്രൂപ്പ് ഫാമിംഗ് നിലവിലുള്ള പാടശേഖരങ്ങളിൽ സജീവമായി പ്രവർത്തിക്കുന്ന സമിതികൾക്ക് സെക്രട്ടറിയുടെയോ പ്രസിഡന്റിന്റെയോ പേരിൽ ഗ്രൂപ്പ് അടിസ്ഥാനത്തിലും ഗ്രൂപ്പ് ഫാമിംഗ് നിലവിലില്ലാത്ത പാടശേഖരങ്ങളിൽ നിലവിലുള്ള രീതിയിൽ വ്യക്തിഗത അടിസ്ഥാനത്തിലും വിള ഇൻഷ്വറൻസിൽ അംഗമായി ചേരാവുന്നതാണ്. എന്നാൽ ഗ്രൂപ്പ് അടിസ്ഥാനത്തിൽ ഇൻഷ്വർ ചെയ്ത പാടശേഖരങ്ങളിൽ ഒരാളുടെ പാടത്തിൽ മാത്രം നഷ്ടമുണ്ടായാലും അതിനും നഷ്ടപരിഹാരം നൽകുന്നതാണ്. നെൽകൃഷി ഇൻഷ്വർ ചെയ്യാൻവേണ്ട നിബന്ധനകൾ അനുബന്ധം-II-ൽ ചേർക്കുന്നു*.

കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ കാർഷിക വിപണന കേന്ദ്രം

78(1063) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ കാർഷിക വിപണന കേന്ദ്രം വിപുലീകരിക്കാൻ സമഗ്രമായ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; അതിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ കാർഷിക വിപണന കേന്ദ്രത്തിന്റെ വികസനം ലക്ഷ്യംവച്ച് സമഗ്രമായ പദ്ധതിയും മാസ്റ്റർ പ്ലാനും KAICO മുഖേന തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത മാസ്റ്റർ പ്ലാൻ നടപ്പിലാക്കാൻ 126.45 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. കാർഷിക മൊത്ത വ്യാപാര വിപണിയുടെ തുടർ വികസന പദ്ധതികൾ മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കിയാണ് നടപ്പിലാക്കേണ്ടത്. ഭീമമായ ഒരു തുകയുടെ എസ്റ്റിമേറ്റ് ആയതിനാലും മുൻ വർഷത്തിൽ തുക ലഭ്യമാകാത്തതിനാലും പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

(ബി) പ്രസ്തുത കാർഷിക വിപണന കേന്ദ്രം വികസിപ്പിക്കുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

കാർഷിക മൊത്ത വ്യാപാര വിപണിയുടെ സമഗ്രവികസനത്തിനായി തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ പ്രകാരം സംവേദനാത്മക വിനോദ ഇടം (interactive recreation space), മഷ്റൂം ലാബ്, ഹോർട്ടികൾച്ചർ, ഡെമോൺസ്ട്രേഷൻ ഗ്യാലറി, ടൈബൽ എക്സ്ബിഷൻ ഏരിയ, പൊതു എക്സ്ബിഷൻ സ്ഥലം, അർബൻ ഗാർഡൻ സ്പേസ് എന്നിവ ഉൾപ്പെട്ട പരീക്ഷണാത്മക വിനോദ ഇടം (experimental recreation space), പഴം പച്ചക്കറികൾ എന്നിവയുടെ വിൽപനക്കായി വെജിറ്റബിൾ മാർക്കറ്റ്, ഫ്രൂട്ട് മാർക്കറ്റ്, മത്സ്യ സ്റ്റാളുകൾ എന്നിവയും കൂടാതെ ഫുഡ് കോർട്ട്, ഇൻക്യൂബേഷൻ സെന്റർ, സെയിൽസ് സെന്റർ എന്നിവയും ഈ പദ്ധതി പ്രകാരം വിഭാവനം ചെയ്തിട്ടുണ്ട്.

കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവ്

79 (1064) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ ഉല്പാദകർക്ക് തങ്ങളുടെ ഉല്പന്നങ്ങൾക്ക് ന്യായവില ലഭിക്കാത്തത് കാരണം യുവതലമുറ കൃഷി ജീവിതമാർഗ്ഗമാക്കാൻ മടിക്കുന്ന പശ്ചാത്തലത്തിൽ മൂല്യവർദ്ധിതോല്പന്നങ്ങൾ വ്യാപിപ്പിച്ച് ന്യായവില ഉറപ്പാക്കുന്നതിനും വിപണി സൃഷ്ടിക്കുന്ന അനിശ്ചിതാവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനും പദ്ധതിയുണ്ടോ?